2025
NOVEMBER
25
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഇന്ത്യ–ഇസ്രയേൽ സ്വതന്ത്ര വ്യാപാര കരാർ 2 ഘട്ടമായി നടപ്പാക്കും

**ന്യൂഡൽഹി:** ഇന്ത്യ-ഇസ്രയേൽ സ്വതന്ത്ര വ്യാപാര കരാർ 2 ഘട്ടമായി നടപ്പാക്കുമെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പീയൂഷ് ഗോയൽ. ഇരുരാഷ്ട്രങ്ങളുടെയും വ്യാപാര മേഖലയ്ക്ക് മുതൽക്കൂട്ടാകുന്ന വിധത്തിലാകും കരാർ. സ്വതന്ത്ര വ്യാപാര കരാറിന്റെ ചർച്ചകൾ ഔദ്യോഗികമായി ആരംഭിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിൽ വ്യാഴാഴ്ച ഇന്ത്യയും ഇസ്രയേലും ഒപ്പുവച്ചിരുന്നു. വ്യാപാരക്കരാർ ചർച്ചയ്ക്കായി ഗോയലിന്റെ നേതൃത്വത്തിലുള്ള സംഘം ഇസ്രയേലിൽ എത്തിയിരുന്നു. തീരുവയുള്ളതും തീരുവ ഇല്ലാത്തതുമായ ഉൽപന്നങ്ങളുടെ ഉഭയകക്ഷി വ്യാപാരം സുഗമമാക്കാൽ, നിക്ഷേപം നടത്താനുള്ള സൗകര്യമൊരുക്കൽ, കസ്റ്റംസ് നടപടിക്രമങ്ങൾ ലളിതമാക്കൽ, സാങ്കേതികവിദ്യ കൈമാറ്റത്തിനുള്ള സഹകരണം വർധിപ്പിക്കൽ, സേവന മേഖലയിലെ വ്യാപാ



രബന്ധം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയാണ് ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുന്നത്.

ടെൽ അവീവിൽ 50 ബില്യൻ ഡോളർ ചെലവിൽ മെട്രോ പദ്ധതി സ്ഥാപിക്കാനൊരുങ്ങുകയാണ് ഇസ്രയേൽ. അണ്ടർഗ്രൗണ്ട് ടണൽ ഉൾപ്പെടുന്ന പദ്ധതിയാണിത്. ഇന്ത്യയിലെ സ്വകാര്യ, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കരാർ നേടാനാകുമെന്ന് മന്ത്രി പറഞ്ഞു. ഇന്ത്യയിൽ 20ലേറെ നഗരങ്ങ

ളിൽ മെട്രോ സാന്നിധ്യമുള്ളത് മന്ത്രി ചൂണ്ടിക്കാട്ടി. ഇസ്രയേലിന്റെ ഏഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ വ്യാപാര പങ്കാളിയാണ് ഇന്ത്യ. 2024 25 സാമ്പത്തിക വർഷം ഇസ്രയേലിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതി 52 ശതമാനം ഇടിഞ്ഞിരുന്നു. 2023-24ൽ 4.52 ബില്യൻ യുഎസ് ഡോളറായിരുന്ന കയറ്റുമതി, 2024-25ൽ 2.14 ബില്യൻ ഡോളറായാണ് ഇടിഞ്ഞത്. ഇസ്രയേലിൽ നിന്നുള്ള ഇറക്കുമതിയും ഇക്കാലയളവിൽ 26.2 ശതമാനം ഇടിഞ്ഞിരുന്നു. വജ്രം, പെട്രോളിയം ഉൽപന്നങ്ങൾ, രാസവസ്തുക്കൾ എന്നിവയാണ് പ്രധാനമായും ഉഭയകക്ഷി വ്യാപാരത്തിൽ കൂടുതലായുള്ളതെങ്കിലും, സമീപ വർഷങ്ങളിൽ ഇലക്ട്രോണിക് മെഷീനുകൾ, ഹൈടെക് ഉൽപന്നങ്ങൾ, ആശയവിനിമയ സംവിധാനങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയ മേഖലകളിലെ വ്യാപാരത്തിൽ വർധന ഉണ്ടായിട്ടുണ്ട്.

# അഗ്നി പർവ്വത സ്ഫോടനം: വിമാനങ്ങൾ റദ്ദാക്കി

**കൊച്ചി:** ആഫ്രിക്കൻ രാജ്യമായ എത്യോപ്യയിലെ ഹെയ്‌ലി ഗുബ്ബി അഗ്നിപർവ്വതം പൊട്ടിത്തെറിച്ചതിനെ തുടർന്നുണ്ടായ പുക അന്തരീക്ഷത്തിൽ വ്യാപിച്ചതിനെ തുടർന്ന് വിമാനങ്ങളുടെ സർവ്വീസ് റദ്ദാക്കി.നെടുമ്പാശേരിയിൽ നിന്നുള്ള 6E1476-DXB/COK, 6E1475-COK/ DXB, QP550-COK/ JED എന്നീ വിമാനങ്ങളാണ് സർവ്വീസ് റദ്ദാക്കിയത്. ഞായറാഴ്ചയാണ് ഹെയ്‌ലി ഗുബ്ബി അഗ്നിപർവ്വതം പൊട്ടിത്തെറിച്ചത്.

ഏകദേശം പതിനായിരം വർഷത്തിനിടയിൽ ആദ്യമായിട്ടാണ് ഈ അഗ്നി പർവ്വതം പൊട്ടിത്തെറിച്ചത്. ഇതിന്റെ ഫലമായി ഉയർന്ന പുക പടലങ്ങൾ അന്തരീക്ഷമാകെ നിറഞ്ഞതോടെയാണ് വ്യോമഗതാഗതത്തിന് തടസം സൃഷ്ടിച്ചത്. എത്യോപ്യയിലെ എർട്ട എയ്ൽ മേഖലയിലാണ് ഹയ്‌ലി ഗുബ്ബി അഗ്നിപർവതം സ്ഥിതിചെയ്യുന്നത്. ചാരവും സൾഫർ ഡയോക്സൈഡും അടങ്ങിയ കൂറ്റൻ പുകപടലങ്ങളാണ് ഞായറാഴ്ച രാവിലെ മുതൽ ഇതിൽനിന്നുയരുന്നത്. പത്തു മുതൽ 15 കിലോമീറ്റർവരെ ഉയരത്തിലെത്തുന്ന ഈ പുകപടലങ്ങൾ ചെങ്കടലിന് കുറുകേ കിഴക്കോട്ടാണ് നീങ്ങുന്നത്.

# പോസ്റ്റൽ ബാലറ്റ് വിതരണം 26 ന് തുടങ്ങും

**തിരുവനന്തപുരം:** തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള സമ്മതിദായകർക്കുള്ള പോസ്റ്റൽ ബാലറ്റ് വിതരണം നവംബർ 26 ന് ആരംഭിക്കും. തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ ഏർപ്പെടുന്ന ജീവനക്കാർക്കുള്ള ഉത്തരവ് ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, ജില്ലാ പോലീസ് മേധാവികൾ, വരണാകാരികൾ, ഉപവരണാധികാരികൾ എന്നിവർ യഥാസമയം പുറപ്പെടുവിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടവർ ഉത്തരവിന്റെ ശരിപകർപ്പ് സഹിതം നിശ്ചിത ഫാറത്തിലും, സമയത്തിലും ആവശ്യപ്പെടുന്ന പക്ഷം പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ നൽകേണ്ടതാണെന്ന് കമ്മീഷൻ എല്ലാ വരണാധികാരികൾക്കും നിർദ്ദേശം നൽകി.

# സൂപ്പർ റിച്ച് നികുതിയിൽ പ്രതിഷേധം: യുകെയിലെ താമസം മതിയാക്കി ലക്ഷ്മി മിത്തൽ

**ന്യൂഡൽഹി:** ഇന്ത്യൻ വംശജനായ ശതകോടീശ്വരനും സ്റ്റീൽ വ്യവസായ രംഗത്തെ പ്രമുഖനുമായ ലക്ഷ്മി മിത്തൽ (75) യുകെയിലെ താമസം അവസാനിപ്പിക്കുന്നു. അതിസമ്പന്നർക്ക് കനത്ത നികുതി ‘സൂപ്പർ റിച്ച് ടാക്സ്’ എന്ന പേരിൽ ഏർപ്പെടുത്താനുള്ള ലേബർ പാർട്ടി സർക്കാരിന്റെ നീക്കത്തിൽ പ്രതിഷേധിച്ചാണിതെന്ന് ബ്രിട്ടീഷ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ദ് സൺഡേ ടൈംസ് അതിസമ്പന്ന പട്ടികപ്രകാരം എട്ടുതവണ യുകെയിലെ ഏറ്റവും സമ്പന്നൻ എന്ന നേട്ടം കൈവരിച്ചിട്ടുള്ളയാളാണ് മിത്തൽ.



യുകെയിൽ നിന്ന് പടിയിറങ്ങുന്ന മിത്തൽ സ്വിറ്റ്സർലൻഡിലും ദുബായിലുമായാകും ഇനി താമസിക്കുകയെന്നും റിപ്പോർട്ടുകൾ പറയുന്നു. കഴിഞ്ഞ 3 പതിറ്റാണ്ടായി ബ്രിട്ടീഷ് വ്യവസായരംഗത്തെ നിറസാന്നിധ്യത്തിനാണ് മിത്തൽ രാജ്യംവിടുന്നതോടെ തിരശീല വീഴുന്നത്. ഇക്കാലയളവിൽ ലോകം ശ്രദ്ധിച്ച നിർണായക ബിസിനസ് ഡീലുകളുമാണ് അദ്ദേഹം നടത്തിയത്. ബ്രിട്ടനിലെ അത്യാഡംബര വസതികൾ അദ്ദേഹം വാങ്ങിക്കൂട്ടിയിട്ടുണ്ട്. പ്രമുഖ ഫുട്ബോൾ ടീമായ ക്വീൻസ് പാർക്ക് റേഞ്ചേഴ്സിനെ വാങ്ങി. ഇതേ ലേബർ പാർട്ടിക്ക് സംഭാവനയായി പോലും അദ്ദേഹം നൽകിയത് 60 കോടിയിലധികം രൂപ.

നിലവിൽ വിദേശികൾ യുകെയിൽ നിന്നുള്ള വരുമാനത്തിന് മാത്രം നികുതി അടച്ചാൽ മതി. ഇതിനുപകരം, ഇനി ലോകത്തെവിടെ സ്വത്തുണ്ടെങ്കിലും അതിന് ആനുപാതികമായ നികുതി അടയ്ക്കണമെന്ന വ്യവസ്ഥ കൊണ്ടുവരാനാണ് നീക്കമെന്നാണ് റിപ്പോർട്ടുകൾ. ഇത് 40% വരെയാകാം. മറ്റു രാജ്യങ്ങളിലുള്ള ആസ്തിക്ക് എന്തിന് യുകെയിൽ നികുതി നൽകണമെന്ന ചോദ്യമാണ് ശതകോടീശ്വരന്മാർ ഉയർത്തുന്നത്.

യുകെയിൽ 40% നികുതി കൊടുക്കേണ്ട ബാധ്യത വരുമെങ്കിൽ സ്വിറ്റ്സർലൻഡിലും ദുബായിലും ഇതു വെറും പൂജ്യം. അതുകൊണ്ടാണ്, ലോകത്തെ ശതകോടീശ്വരന്മാരിൽ പലരും ദുബായിലേക്കും സ്വിറ്റ്സർലൻഡിലേക്കും മറ്റും ചുവടുമാറ്റുന്നത്. ലക്ഷ്മി മിത്തലിന് നിലവിൽതന്നെ ദുബായിൽ അത്യാഡംബര ഭവനങ്ങളുണ്ട്. ബ്ലൂംബെർഗിന്റെ റിയൽടൈം ശതകോടീശ്വര പട്ടികപ്രകാരം 28.1 ബില്യൻ ഡോളർ ആസ്തിയുമായി (2.51 ലക്ഷം കോടി രൂപ) ലോകത്ത് 78ാം സ്ഥാനത്താണ് മിത്തൽ. ഇന്ത്യക്കാരിൽ 6-ാമനും.

ചൈനയ്ക്ക് പുറത്ത് ലോകത്തെ ഏറ്റവും വലിയ സ്റ്റീൽ നിർമാണക്കമ്പനികളിലൊന്നാണ് ലക്ഷ്മി മിത്തൽ ചെയർമാനായ ആഴ്സലർ മിത്തൽ. ലക്സംബർഗ് ആസ്ഥാനമായ കമ്പനിക്ക് 15ലേറെ രാജ്യങ്ങളിൽ സാന്നിധ്യമുണ്ട്. 2024ലെ കണക്കനുസരിച്ച് 62.4 ബില്യൻ ഡോളറാണ് വരുമാനം. ഏകദേശം 5.4 ലക്ഷം കോടി രൂപ. കമ്പനിയിൽ 1.25 ലക്ഷത്തിലധികം പേർ ജോലി ചെയ്യുന്നുണ്ട്. ജീവകാരുണ്യ രംഗത്തും മിത്തൽ സജീവമാണ്.





# അനധികൃതമായി ഓൺലൈനിൽ മരുന്ന് വിൽപ്പന നടത്തിയ സ്ഥാപനത്തിനെതിരെ നടപടി

**കൊച്ചി:** അനധികൃതമായി ഓൺലൈനിൽ മരുന്ന് വിൽപ്പന നടത്തിയ സ്ഥാപനത്തിനെതിരെ ആദ്യമായി നടപടി സ്വീകരിച്ച് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ്. നോർത്ത് പറവൂർ പൂശ്ശാരിപ്പടിയിലുള്ള ജെജെ മെഡിക്കൽസ് എന്ന സ്ഥാപനത്തിനെതിരേയാണ് നടപടി സ്വീകരിച്ചത്. പരിശോധനാ വേളയിൽ ഡോക്ടറുടെ കുറിപ്പടിയില്ലാതെ MANforce 50, MANforce 100, VIGORE 100 എന്നീ മരുന്നുകൾ പർച്ചേസ് ബിൽ ഇല്ലാതെ വാങ്ങുകയും ഓൺലൈനായി വിൽപ്പന നടത്തിയതായും കണ്ടെത്തി. കേരളത്തിൽ ഇതാദ്യമായാണ് അനധികൃതമായി ഓൺലൈനിൽ മരുന്ന് വിൽപ്പന നടത്തിയ സ്ഥാപനത്തിനെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940 പ്രകാരം നിയമ നടപടി സ്വീകരിക്കുന്നത്. കണ്ടെടുത്ത മരുന്നുകളും അനുബന്ധ രേഖകളും നോർത്ത് പറവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി.

വിവിധ സംസ്ഥാനങ്ങളിൽ നിന്ന് അനധികൃതമായ മരുന്നുകൾ ഓൺലൈൻ വഴി വാങ്ങുന്നത് തടയാനും ആവശ്യമായ ഇടപെടലുകൾ നടത്താനും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് കേന്ദ്ര ആരോഗ്യ മന്ത്രിയോട് കത്തിലൂടെയും നേരിട്ടും അഭ്യർത്ഥിച്ചിരുന്നു. അത്തരം സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ഡ്രഗ്സ് കൺട്രോൾ ക്കും നിർദേശം നൽകിയിരുന്നു. കേരളത്തിൽ നിന്ന് ഇത്തരത്തിൽ ഓൺലൈൻ മരുന്ന് വ്യാപാരം നടക്കുന്നതായി വിവരം ഉണ്ടായിരുന്നില്ല. എന്നാൽ ഇങ്ങനെയൊരു സ്ഥാപനം വഴി ഓൺലൈനാഴി മരുന്ന് വ്യാപാരം നടക്കുന്നതായി സംശയം ഉണ്ടായതിനെ തുടർന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് അത് കണ്ടെത്താനുള്ള ശ്രമം ആരംഭിച്ചു.

വകുപ്പിലെ ഉദ്യോഗസ്ഥൻ അവരുടെ വെബ്സൈറ്റിൽ കയറി ഓൺലൈനായി ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ മരുന്ന് ആവശ്യപ്പെട്ടപ്പോൾ ഒരു തടസവുമില്ലാതെ അയച്ചു കൊടുത്തു. അതേസമയം അതിലെ അഡ്രസ്സ് വ്യാജമായിരുന്നു. വിൽപന നടത്തിയ സ്ഥാപനം കണ്ടെത്താൻ ഇതോടെ ബുദ്ധിമുട്ടായി. പിന്നീട് വിദഗ്ധമായി ട്രെയ്സ് ചെയ്താണ് റെയ്ഡ് നടത്തിയത്.

ഈ മരുന്നുകൾ ഉത്തേജക മരുന്നുകളായി ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതാണ്. ഡോക്ടറുടെ നിർദേശമില്ലാതെ സ്വന്തമായി ഇത്തരം മരുന്ന് വാങ്ങി ഉപയോഗിച്ചാൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. പൊതുജനത്തിന്റെ ആരോഗ്യത്തിന് ഹാനികരമാകുന്ന രീതിയിലുള്ള ഷെഡ്യൂൾ എച്ചിൽ പെടുന്ന ഇത്തരം മരുന്നുകൾ കുറിപ്പടി ഇല്ലാതെ വിൽപന നടത്തുന്നത് കുറ്റകരമാണ്.

സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ ഏകോപനത്തിൽ എറണാകുളം അസി. ഡ്രഗ്സ് കൺട്രോളർ സന്തോഷ് കെ. മാത്യു, റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർ ജോഷി ടി.ഐ., ഡ്രഗ്സ് ഇൻസ്പെക്ടർ (ഇന്റലിജൻസ് ബ്രാഞ്ച്) നവീൻ കെ.ആർ, ഡ്രഗ്സ് ഇൻസ്പെക്ടർമാരായ നിഷ വിൻസെന്റ്, ധന്യ വിഎസ്, അഞ്ജിത ഷാജി എന്നിവരാണ് പരിശോധനയ്ക്ക് നേതൃത്വം നൽകിയത്.

# ഹരിതചട്ടം കർശനമായി നടപ്പാക്കാൻ പരിശോധന ശക്തമാക്കും

**കോഴിക്കോട്:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പിവിസി ഫ്ലക്സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത്, പ്ലാസ്റ്റിക് കോട്ടിങ് ഉള്ള തുണി, പ്ലാസ്റ്റിക്, പിവിസി അടങ്ങിയ നിരോധിത വസ്തുക്കൾ തുടങ്ങിയവ ഉപയോഗിക്കരുതെന്ന സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശം നടപ്പാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ പരിധിയിലെ സ്ഥാപനങ്ങളിൽ പ്രത്യേക സ്ക്വാഡ് പരിശോധന നടത്തി. രണ്ട് കേന്ദ്രങ്ങളിൽ നടത്തിയ പരിശോധനയിൽ ഒരു സ്ഥാപനത്തിന് നോട്ടീസ് നൽകി.

മെറ്റീരിയൽ സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തുന്നതിന് തിങ്കളാഴ്ച കോർപ്പറേഷൻ ഓഫീസിൽ ഹാജരാക്കാൻ നിർദേശിക്കുകയും ചെയ്തു. പരിശോധന വരും ദിവസങ്ങളിലും തുടരും.



ഇന്റേണൽ വിജിലൻസ് ഓഫീസർമാരായ ടി ഷാഹുൽ ഹമീദ്, എ എൻ അഭിലാഷ്, അസിസ്റ്റന്റ് ഡയറക്ടർ നാരായണൻ, പൊലൂഷൻ കൺട്രോൾ ബോർഡ് അസിസ്റ്റന്റ് എൻജിനീയർ അവിനാഷ്, കോഴിക്കോട് കോർപ്പറേഷനിലെ ഹെൽത്ത് ഇൻസ്പെക്ടർമാരായ സുജിത തമ്പി, എം കെ സുബൈർ, ഡി ആർ രജനി എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

തദ്ദേശ തിരഞ്ഞെടുപ്പിൽ ഹരിത ചട്ടം കർശനമായി നടപ്പാക്കുന്നത് സംബന്ധിച്ച് ജില്ലാ ജോയിന്റ് ഡയറക്ടറുടെ അധ്യക്ഷതയിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗവും ചേർന്നു. ഹരിത തിരഞ്ഞെടുപ്പ് നടത്തുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ പരിധിയിലുള്ള പ്രിന്റിങ് കേന്ദ്രങ്ങളിൽ ഇന്റേണൽ വിജിലൻസ് ഓഫീസർമാർ, ജില്ലാ ശുചിത്വമിഷൻ, പൊലൂഷൻ കൺട്രോൾ ബോർഡ് എന്നിവരുടെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്താൻ തീരുമാനിച്ചു. തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ നിരോധിത വസ്തുക്കൾ ഉപയോഗിച്ചുള്ള തോരണങ്ങൾ, ബോർഡുകൾ, അലങ്കാര വസ്തുക്കൾ എന്നിവ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ തദ്ദേശ സ്ഥാപനതല എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കാനും തീരുമാനിച്ചു.

യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ പി ടി പ്രസാദ് അധ്യക്ഷനായി. ഡെപ്യൂട്ടി ഡയറക്ടർ ബൈജു ജോസ്, ജില്ലാ ശുചിത്വ മിഷൻ കോഓഡിനേറ്റർ രാകേഷ് എന്നിവർ സംസാരിച്ചു.

# സി.ഒ.പി.ഡി. നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു



കൊച്ചിൻ തൊറാസിക് സൊസൈറ്റി നൽകിയ ഒക്സിജൻ കോൺസെന്റ്റേറ്റർ ഡോ. കെ.എൻ ശോഭന, ഡോ പരമേശ് അയ്യപ്പത്ത്, ഡോ. കെ. അഖിലേഷ്, ഡോ. അസീസ്, ഡോ. ബാബു വർഗ്ഗീസ്, ഡോ. ഫ്രെഡി സൈമൺ എന്നിവരിൽ നിന്നും സിസ്റ്റർ മിറ്റോ ഡിഡിഎസ് ഏറ്റുവാങ്ങുന്നു.

**കൊച്ചി:** ശ്വാസകോശവിദഗ്ധരുടെ സംഘടനയായ കൊച്ചിൻ തൊറാസിക് സൊസൈറ്റി(സി.ടി.എസ്) ലോക സി.ഓ.പി.ഡി ദിനം ആചരിച്ചു. ഐഎംഎ മധ്യകേരളയുടെ സഹകരണത്തോടെ ശ്വാസകോശരോഗനിർണയ ക്യാമ്പും ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. മലയാറ്റൂർ ദൈവദാൻ വൃദ്ധസദനത്തിൽ നടന്ന ക്യാമ്പ് ഐ.എം.എ മധ്യകേരള പ്രസിഡന്റ് ഡോ. ഫ്രെഡി സൈമൺ ഉൽഘാടനം ചെയ്തു. സിടിഎസ് പ്രസിഡന്റ് ഡോ. പരമേശ് അയ്യപ്പത്ത് അധ്യക്ഷത വഹിച്ചു.

സെക്രട്ടറി ഡോ. കെ. എസ് അസീസ്, വൈസ് പ്രസിഡന്റ് ഡോ. ബാബു വർഗീസ്, ഐഎം.എ മധ്യകേരള സെക്രട്ടറി ഡോ. കെ. അഖിലേഷ്, ഡോ. കെ. എൻ ശോഭന (മധ്യകേരള വുമൺ ഐ.എം.എ), ഡോ, സൗമ്യ, രാഹുൽ എന്നിവർ ബോധവൽക്കരണ ക്ലാസുകൾക്ക് നേതൃത്വം നൽകി. സിഒപിഡി രോഗികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള ഓക്സിജൻ കോൺസെന്റ്റേറ്റർ ചടങ്ങിൽ വിതരണം ചെയ്തു. ഇതു കൂടാതെ കൊച്ചിൻ തൊറാസിക് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധയിടങ്ങളിലെ ആശുപത്രികളിലും പൊതുസ്ഥലങ്ങളിലും ശ്വാസകോശ രോഗ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചു.

# പോസ്റ്റൽ ബാലറ്റ് വിതരണം 26 ന് തുടങ്ങും

**കോഴിക്കോട്:** അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള സമ്മതിദായകർക്കുള്ള പോസ്റ്റൽ ബാലറ്റ് വിതരണം നവംബർ 26 മുതൽ ആരംഭിക്കുമെന്ന് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു. തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ ഏർപ്പെടുന്ന ജീവനക്കാരെ അവരുടെ ഡ്യൂട്ടി നിർവചിച്ചും അതിലേക്ക് നിയോഗിച്ചും കൊണ്ട് ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, ജില്ലാ പോലീസ് മേധാവികൾ, വരണാധികാരികൾ, ഉപവരണാധികാരികൾ എന്നിവർ യഥാസമയം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു.

തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടവർ അവരെ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിയോഗിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ ശരിപകർപ്പ് സഹിതം നിശ്ചിത ഫാറത്തിലും, സമയത്തിലും ആവശ്യപ്പെടുന്ന പക്ഷം പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ നൽകണമെന്ന് കമ്മീഷൻ എല്ലാ വരണാധികാരികൾക്കും നിർദ്ദേശം നൽകി. ത്രിതലപഞ്ചായത്തുകളെ സംബന്ധിച്ച് മൂന്ന് ബാലറ്റുകളും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലേയ്ക്ക് ഓരോ ബാലറ്റുമാണ് നൽകേണ്ടത്. പോളിംഗ് ഡ്യൂട്ടിയുള്ള സമ്മതിദായകരുടെ തപാൽ വോട്ടിനുള്ള അപേക്ഷ കൃത്യമായി സ്വീകരിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തും.

# പോസ്റ്റൽ ബാലറ്റ് ലഭിക്കാൻ അർഹതയുള്ളവർ

**കൊച്ചി:** പോളിംഗ് സ്റ്റേഷനിൽ പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഓഫീസർമാർക്ക് പുറമെ, പോളിംഗ് ദിവസം തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ മുഴുവൻ ജീവനക്കാർക്കും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസിലെയും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ എന്നിവിടങ്ങളിലെയും ഇലക്ഷൻ വിഭാഗം ജീവനക്കാർക്കും വരണാധികാരി, ഉപവരണാധികാരി എന്നിവരുടെ ഓഫീസുകളിലെ ഇലക്ഷൻ വിഭാഗം ജീവനക്കാർക്കും നിരീക്ഷകർക്കും സെക്ടറൽ ഓഫീസർമാർ, ആന്റി ഡീഫെയ്സ്മെൻറ് സ്ക്വാഡിലെ ഉദ്യോഗസ്ഥർ, തിരഞ്ഞെടുപ്പ് സുരക്ഷാ ചുമതലകളിൽ നിയോഗിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്കും പോസ്റ്റൽ ബാലറ്റ് പേപ്പർ ലഭിക്കാൻ അർഹതയുണ്ട്.

# ഇന്ത്യ–ജപ്പാൻ ശാസ്ത്രീയ സഹകരണം ശക്തിപ്പെടുത്തി യുവശാസ്ത്രജ്ഞർ



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല മറൈൻ ജിയോളജി ആൻഡ് ജിയോഫിസിക്സ് വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. രതീഷ് കുമാർ ആർ.ടി, ജപ്പാനിലെ ഷിമാനെ സർവകലാശാല എർത്ത് സയൻസ് വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശില്പ എ.എസ്, എന്നിവർ സംയുക്തമായി ജപ്പാൻ സയൻസ് ആൻഡ് ടെക്നോളജി ഏജൻസിയുടെ സകുറ സയൻസ് എക്സ്ചേഞ്ച് ഗ്രാന്റ് കരസ്ഥമാക്കി.

ഭൂശാസ്ത്രത്തിലും സമുദ്രശാസ്ത്രത്തിലും വിദ്യാർത്ഥികൾക്ക് അന്തർദേശീയ പഠനവും ഗവേഷണ വിനിമയവും പ്രോത്സാഹിപ്പിക്കുന്നതിൽ ഈ നേട്ടം പ്രധാന ഘട്ടമാകുന്നു. പ്രത്യേകിച്ച് ജപ്പാനിലെ കടലുമായി ബന്ധപ്പെട്ട അഗ്നിപർവത ഘടനകളുടെയും അവയുടെ വികാസ ചരിത്രത്തിന്റെയും പഠനത്തിൽ അന്തർവിഷയ സഹകരണത്തെ ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി.

ഡോ. രതീഷ് കുമാർ നയിച്ച കുസാറ്റിലെ രണ്ടാം വർഷ എം.എസ്.സി മറൈൻ ജിയോളജി, ജിയോഫിസിക്സ് വിദ്യാർത്ഥികളായ ആറംഗ സംഘം ജപ്പാനിലെ ഷിമാനെ സർവകലാശാല സന്ദർശിച്ചു. കുസാറ്റ് വിദ്യാർത്ഥികളായ അനഖ എസ്, വീണ ജി. പ്രകാശ്, ഫ്ലോജെൻ ബേസിൽ (മറൈൻ ജിയോളജി), സഫ്ന പി, സാൻഡ്ര വർഗീസ്, അലൻ അഗസ്റ്റിൻ (മറൈൻ ജിയോഫിസിക്സ്) എന്നിവരാണ് പങ്കെടുത്തത്. അക്കാദമിക് ശില്പശാലകൾ, ലാബ് പ്രദർശനങ്ങൾ, ജിയോളജിക്കൽ ഫീൽഡ് സ്റ്റഡികൾ, ജപ്പാനീസ് ഗവേഷകരുമായുള്ള സംവാദങ്ങൾ എന്നിവയിൽ സജീവമായി പങ്കെടുത്തു.

ഷിമാനെ സർവകലാശാലാ പ്രസിഡന്റായ പ്രൊഫസർ ഹിരോഷി ഒതാനിയുമായി നടന്ന ചർച്ചയിൽ, രണ്ടുസർവകലാശാലകളുടെയും അക്കാദമിക് ബന്ധം കൂടുതൽ ശക്തമാക്കാനും സംയുക്ത പി.എച്ച്.ഡി. പ്രോഗ്രാം ആരംഭിക്കാനുള്ള സാധ്യതകളെയും കുറിച്ചും അഭിപ്രായങ്ങൾ പങ്കുവെച്ചു.

സംഘം ജപ്പാൻ കടലിന്റെ തീരദേശപ്രദേശങ്ങളായ കാത്സുറാജിമയും ഡികോൺജിമയുമെല്ലാം ഉൾപ്പെടുന്ന ദ്വീപുകളിലെ അഗ്നിപർവത പാറകളായ റൈയോലൈറ്റ്, ഡേസൈറ്റ്, ആൻഡസൈറ്റ്, ബസാൾട്ട് തുടങ്ങിയവ പരിശോധിച്ചു. ജപ്പാൻ കടലിന്റെ ടെക്റ്റോണോമാഗ്മാറ്റിക് ചരിത്രം മനസ്സിലാക്കുന്നതിന് ഇതിലൂടെ വിലപ്പെട്ട വിവരങ്ങൾ ലഭിച്ചു. അക്കാദമിക് സെഷന്റെ ഭാഗമായി ഡോ. രതീഷ് കുമാർ 'ക്രോസിംഗ് സ്കെയിൽസ് ഇൻ ജിയോസയൻസ്: ഫ്രം പ്ലാനറ്ററി ഇന്റീരിയേഴ്സ് ടു ആർകിയോളജിക്കൽ ഹെറിറ്റേജ്' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ഭൂമിയുടെ ആന്തരിക ഘടനകളിൽ നിന്ന് പുരാവസ്തു പൈതൃക പഠനങ്ങളിലേക്കുള്ള വിവിധ ശാസ്ത്രീയ അളവുകളിൽ നടത്തുന്ന തന്റെ ബഹുവിഷയ ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലപ്പെട്ട അനുഭവങ്ങളും അവലോകനങ്ങളും അദ്ദേഹം പങ്കുവെച്ചു. വിദ്യാർത്ഥികൾക്ക് ഷിമാനെ സർവകലാശാലയിലെ അധ്യാപകഗവേഷക സമൂഹത്തിന് മുന്നിൽ ഗവേഷണ ആശയങ്ങൾ അവതരിപ്പിക്കാനുള്ള അവസരവും ലഭിച്ചു. മികച്ച പ്രകടനത്തിനായി അനഖ എസ്. മികച്ച ആക്റ്റിവിറ്റി/പർഫോർമർ ഫ്ലോജെൻബേസിൽ മികച്ച ഗവേഷണ അവതരണം അവാർഡുകൾ കരസ്ഥമാക്കി.

സംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി, സംഘം ജപ്പാനിലെ പ്രശസ്ത പൈതൃക സ്മാരകങ്ങൾ സന്ദർശിച്ചു.

അവയിൽ പ്രധാനമായത് മാത്സു പാലസ്-ജപ്പാന്റെ സമുറായ് കാലഘട്ടത്തിന്റെ പൈതൃകവും ആർക്കിടെക്ചറൽ വൈഭവവും പ്രതിനിധീകരിക്കുന്ന അപൂർവ്വ കൊട്ടാരം. കൂടാതെ, ഇനാസ നോ ഹാമ ബീച്ചിലെ ബെൻതെൻജിമ ക്ളിഫ് ദേവാലയം, ഇസുമോ ഗ്രാൻഡ് ദേവാലയം പോലുള്ള ജപ്പാനിലെ പ്രധാനപ്പെട്ട ഷിൻഡോ മതദേവാലയങ്ങളും സന്ദർശിച്ചു.

# അണ്ടർ 18 എ.ഐ.എഫ്.എഫ് എലൈറ്റ് ലീഗ് ; മത്സരങ്ങൾക്കൊരുങ്ങി ബ്ലാസ്റ്റേഴ്സ്



**കൊച്ചി:** 2025-26 എ.ഐ.എഫ്.എഫ് അണ്ടർ 18 എലൈറ്റ് ലീഗ് പോരാട്ടങ്ങൾക്കായി തയ്യാറായി കുട്ടി ബ്ലാസ്റ്റേഴ്സ്. ഗ്രൂപ്പ് ഇയിൽ ഉൾപ്പെട്ട 24 അംഗ ടീമിനെ ഹെഡ് കോച്ച് രോഹൻ ഷായാണ് നയിക്കുന്നത്. ഗോൾകീപ്പർമാർ: ഷെയ്ഖ് ജാവേദ്, ജിതിൻ. പ്രതിരോധനിര: ഹസീബ്, ജോയൽ, ജിഫി, ദേവൻ, ഷാമിൽ, ജാക്സൺ, ഷഹീബ്. മധ്യനിര: അനസ്, രാജുൽ, ശ്രീശാന്ത്, ഋഷാൻ, അൽഫോൺസ്, ആന്റണി, അഫ്നാസ്. മുന്നേറ്റനിര: എഫ്. ലാൽഡിൻസംഗ, എഹ്സാൻ, മിഷാൽ, ഹുസൈൻ, അമൽ, ജീവൻ, റൊണാൾഡ്, ദേവർഷ് എന്നിങ്ങനെയാണ് ബ്ലാസ്റ്റേഴ്സ് സ്ക്വാഡ്.

നാല് മാസം നീണ്ടുനിൽക്കുന്ന ലീഗിലെ ബ്ലാസ്റ്റേഴ്സിന്റെ ആദ്യ മത്സരം നാളെ മലപ്പുറത്ത് വെച്ച് മുത്തൂറ്റ് ഫുട്ബോൾ അക്കാദമിക്കെതിരെയാണ്. ഗ്രൂപ്പ് ഇയിൽ ഉൾപ്പെട്ട ബ്ലാസ്റ്റേഴ്സ്, നവംബർ മുതൽ 2026 മാർച്ച് വരെ നീളുന്ന ലീഗ് സീസണിൽ ഏഴ് ശക്തരായ എതിരാളികളെയാണ് നേരിടുക. ഗോകുലം കേരള എഫ്സി, ബെംഗളൂരു എഫ്സി, കിക്ക്സ്റ്റാർട്ട് എഫ്സി, ആൽക്കെമി ഇന്റർനാഷണൽ എഫ്എ, സൗത്ത് യുണൈറ്റഡ് എഫ്സി, എസി മിലാൻ അക്കാദമി കേരള, മുത്തൂറ്റ് ഫുട്ബോൾ അക്കാദമി എന്നിവരാണ് ഗ്രൂപ്പ് ഇയിലെ മറ്റ് ടീമുകൾ. ഓരോ ടീമും പരസ്പരം രണ്ടുതവണ ടൂർണമെന്റിൽ ഏറ്റുമുട്ടും.

രാജ്യത്തെ മികച്ച അക്കാദമി കളിക്കാരെ പ്രൊഫഷണൽ ഫുട്ബോളിനായി ഒരുക്കുന്ന ഇന്ത്യയുടെ മുൻനിര യുവ ടൂർണമെന്റാണ് എ.ഐ.എഫ്.എഫ് അണ്ടർ 18എലൈറ്റ് ലീഗ്. യുവ പ്രതിഭകളെ വാർത്തെടുക്കുന്നതിൽ ഈ ലീഗ് സുപ്രധാന പങ്ക് വഹിക്കുന്നു. ഉയർന്ന മത്സരതീവ്രതയുള്ള സാഹചര്യങ്ങളുമായി പരിചയപ്പെടാനും, യുവ ഫുട്ബോളും സീനിയർ തല മത്സരങ്ങളും തമ്മിലുള്ള അന്തരം കുറയ്ക്കാനും ഈ മത്സരങ്ങൾ യുവതാരങ്ങളെ സഹായിക്കും.

കേരള ബ്ലാസ്റ്റേഴ്സ് എഫ്സി അണ്ടർ18 ടീമിന്റെ ഹോം മത്സരങ്ങൾ മഹാരാജാസ് ഗ്രൗണ്ടിൽ വെച്ചായിരിക്കും നടക്കുക. ആദ്യ ഹോം മത്സരം ഡിസംബർ 23 ന് എസി മിലാൻ അക്കാദമി കേരളയ്ക്ക് എതിരെയാണ്. ബ്ലാസ്റ്റേഴ്സ് പ്രതിഭകളുടെ അടുത്ത നിര ശ്രദ്ധാകേന്ദ്രമാകുമ്പോൾ, ആരാധകർക്ക് ആവേശകരമായ ഒരു യുവ ഫുട്ബോൾ സീസൺ പ്രതീക്ഷിക്കാം.

## സ്റ്റാർട്ട്അപ്പുകൾക്കുള്ള പിന്തുണ ശക്തിപ്പെടുത്തി ആക്സിസ് ബാങ്ക്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യമേഖലാ ബാങ്കുകളിലൊന്നായ ആക്സിസ് ബാങ്ക് ന്യൂ ഇക്കണോമി ഗ്രൂപ്പിന് (എൻഇജി) കീഴിൽ സ്റ്റാർട്ട്അപ്പ് ജീവനക്കാർക്കായി രൂപകൽപന ചെയ്ത കോർപ്പറേറ്റ് സാലറി പ്രോഗ്രാമിന് തുടക്കമിട്ടതായി പ്രഖ്യാപിച്ചു. ആക്സിസ് ബാങ്കിന്റെ സ്റ്റാർട്ട്അപ്പ് സോഷ്യൽ ചടങ്ങിലാണ് കോർപ്പറേറ്റ് സാലറി പ്രോഗ്രാം പ്രഖ്യാപിച്ചത്. ഫിങ് ലഭിച്ച സ്റ്റാർട്ട്അപ്പുകളിലെയും ഡിജിറ്റൽ ബിസിനസുകളിലെയും ജീവനക്കാർക്കായി മാത്രമായി രൂപകൽപന ചെയ്തതാണ് ഈ കോർപ്പറേറ്റ് സാലറി പ്രോഗ്രാമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

സീറോബാലൻസ് സേവിങ്സ് അക്കൗണ്ട്, സമഗ്ര ഇൻഷുറൻസ് പരിരക്ഷ, എക്സ്ക്ലൂസീവ് ക്രെഡിറ്റ് കാർഡ് ആനുകൂല്യങ്ങൾ, വ്യക്തിഗതമാക്കിയ ലോൺ ഓപ്ഷനുകൾ എന്നിവ ഉൾപ്പെടെയുള്ള സൗകര്യങ്ങളും ലൈഫ്സ്റ്റൈൽ സാമ്പത്തിക ക്ഷേമ ആനുകൂല്യങ്ങളും നൽകും. പുതുതലമുറ ജീവനക്കാരെ ലക്ഷ്യമിട്ടുള്ള ഈ പ്രോഗ്രാം ഹെൽത്ത് ചെക്ക്അപ്പുകൾ, ഫിറ്റ്നസ്, യാത്ര, വിദ്യാഭ്യാസം, വിനോദം എന്നിവയുൾപ്പെടെയുള്ള ലൈഫ്സ്റ്റൈൽ ആവശ്യങ്ങളിൽ പിന്തുണ നൽകും.

പ്രോഗ്രാമിലെ സ്വിച്ച് ടു സേവ് ഫീച്ചർ വഴി ജീവനക്കാർക്ക് അക്കൗണ്ട് വേരിയന്റ് അനുസരിച്ച് പ്രതിവർഷം 46,000 രൂപ മുതൽ 2.4 ലക്ഷം വരെ ലാഭിക്കാനും സാധിക്കും. ഈ പ്രോഗ്രാമിന് കീഴിലുള്ള ഓരോ ശമ്പള അക്കൗ ഉടമയുടെയും സാമ്പത്തിക ക്ഷേമം ഗണ്യമായി മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ളതാണ് ഈ എക്സ്ക്ലൂസീവ് ആനുകൂല്യങ്ങളെല്ലാമെന്നും കമ്പനി അധികൃതർ പറഞ്ഞു.

## രാജ്യവ്യാപകമായി പുതിയ ട്രാൻഷിപ്പ്മെന്റ് കേന്ദ്രങ്ങൾ തുറന്ന് ഓൾകാർഗോ



**കൊച്ചി:** രാജ്യത്തിന്റ എല്ലാ ഭാഗത്തും സേവനം എത്തിക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും പുതിയ ചരക്കു കൈമാറ്റ (ട്രാൻസ്ഷിപ്പ്മെന്റ്) കേന്ദ്രങ്ങൾ തുറന്ന് ഓൾ കാർഗോ ലോജിസ്റ്റിക്സ് ലിമിറ്റഡ്. ട്രാൻഷിപ്പ്മെന്റ് കേന്ദ്രങ്ങളുടെ എണ്ണം 21ൽ നിന്ന് 71 ആയാണ് വർധിപ്പിച്ചത്. രാജ്യവ്യാപകമായി ട്രാൻസ്ഷിപ്പ്മെന്റ് ശൃംഖല ശക്തിപ്പെടുത്തുന്നതിന്റ ഭാഗമായി കൈമാറ്റ കേന്ദ്രങ്ങളുടെ ഘടനയിലും മാറ്റം വരുത്തി.

കൈകാര്യം ചെയ്യുന്ന ചരക്കുകളുടെ ടണ്ണേജ് വ്യത്യാസത്തിനനുസരിച്ച് പ്ലാറ്റിനം, ഗോൾഡ്, സിൽവർ, ബ്രോൺസ് വിഭാഗങ്ങളായാണ് തിരിച്ചിട്ടുള്ളത്. പ്രവർത്തന ക്ഷമതയും ശേഷിയും വർധിപ്പിക്കുന്നതിനാണിത്. ചരക്കു കൈമാറ്റ കേന്ദ്രങ്ങളുടെ എണ്ണം വർധിപ്പിച്ച് പുതിയ തരം തിരിവ് നടപ്പാക്കിയതോടെ രാജ്യ വ്യാപകമായി ഓൾ കാർഗോയുടെ ചരക്കു ഗതാഗതം കൂടുതൽ ശക്തിപ്പെടുത്താൻ കഴിഞ്ഞതായി മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ കേതൻ കുൽക്കർണി പറഞ്ഞു. പുതിയ തരം തിരിവിനെത്തുടർന്ന് നാടിന്റെ മുക്കിലും മൂലയിലും അതിവേഗം ചരക്കുകൾ എത്തിക്കാനുള്ള സംവിധാനം ശക്തിപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

## പോപ്പീസ് പ്രീമിയം ഓർഗാനിക് ബാംബൂ വൈപ്പുകൾ പുറത്തിറക്കി

**കൊച്ചി:** ബേബി കെയർ ഉൽപ്പന്ന റീട്ടെയിലറായ പോപ്പീസ് ബേബി കെയർ കുഞ്ഞുങ്ങൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത മുള അധിഷ്ഠിത വൈപ്പുകൾ പുറത്തിറക്കി. മുള അധിഷ്ഠിത വൈപ്പുകൾ കറ്റാർ വാഴ, അവോക്കാഡോ ഓയിൽ, വിറ്റാമിൻ ഇ എന്നിവയുടെ മിശ്രിതമാണെന്ന് പോപ്പീസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ഷാജു തോമസ് പറഞ്ഞു. ഇവ കുഞ്ഞുങ്ങളുടെ അതിലോലമായ ചർമ്മത്തെ സംരക്ഷിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്ന ആന്റിഓക്സിഡന്റുകളാൽ സമ്പന്നമാണ്. നൂറുശതമാനം ഓർഗാനിക് മുളയിൽ നിന്ന് വേർതിരിച്ചെടുത്ത ശുദ്ധജലം ഉപയോഗിച്ച് നിർമ്മിച്ചവയാണിതെന്നും ഷാജു തോമസ് പറഞ്ഞു. പ്രകൃതിദത്ത ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് കുഞ്ഞുങ്ങളുടെ ആരോഗ്യം പരിപോഷിപ്പിക്കാനും പരിസ്ഥിതി സൗഹൃദ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് പരിസ്ഥിതി സംരക്ഷിക്കാനും പോപ്പീസ് മുൻഗണന നൽകുന്നു. പോപ്പീസ് റീട്ടെയിൽ വിപുലീകരണത്തിന്റെ ഭാഗമായി 25 പുതിയ ഔട്ട്ലെറ്റുകൾ തുറക്കാനുള്ള പദ്ധതികൾ ഇതിനകം തന്നെ രൂപപ്പെടുത്തിയിട്ടുണ്ട്. അടുത്ത നാല് വർഷത്തിനുള്ളിൽ 1,000 സ്റ്റോറുകളുടെ ശൃംഖലയായി വളരുക എന്നതാണ് പോപ്പീസിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

### അടി കപ്യാരേ കൂട്ടമണി സംവിധായകൻ വക 10 വർഷത്തിന് ശേഷം വീണ്ടുമൊരു അടി

# അടി നാശം വെള്ളപ്പൊക്കം ടീസർ പുറത്തിറങ്ങി

സൂര്യഭാരതി ക്രിയേഷൻസിന്റെ ബാനറിൽ മനോജ് കുമാർ കെ പി നിർമ്മിച്ച്, അടി കപ്യാരേ കൂട്ടമണി, ഉറിയടി എന്നീ ചിത്രങ്ങൾ സംവിധാനം ചെയ്ത എ ജെ വർഗീസ് ഒരുക്കുന്ന അടി നാശം വെള്ളപ്പൊക്കം സിനിമയുടെ ടീസർ പുറത്തിറങ്ങി. ഹൈറേഞ്ചിൽ സ്ഥിതി ചെയ്യുന്ന ഇന്റർനാഷണൽ സ്കൂളിന്റെ പശ്ചാത്തലത്തിൽ മൂന്നു നാലു വിദ്യാർത്ഥികളിലൂടെ കഥ പറഞ്ഞു പോകുന്ന ചിത്രം ഒരു മുഴുനീള കോമഡി ചിത്രം കൂടിയായിരിക്കുമെന്നാണ് ടീസർ വ്യക്തമാക്കുന്നത്. കുറെ വർഷങ്ങൾക്ക് ശേഷം പ്രേം കുമാർ തന്റെ കോമഡി പ്രകടനവുമായി ശക്തമായി തിരിച്ചു വരുന്ന ചിത്രം കൂടിയാണ് അടിനാശം വെള്ളപൊക്കം എന്ന പ്രതീക്ഷ കൂടി ടീസർ തരുന്നുണ്ട്. അതോടൊപ്പം ഷൈൻ ടോം ചാക്കോ, ബൈജു സന്തോഷ് എന്നിവരും ടീസറിൽ കോമഡി രംഗങ്ങളുമായി മുൻപിട്ട് നിൽക്കുന്നുണ്ട്.







10 വർഷങ്ങൾക്ക് മുൻപ് ഡിസംബറിൽ ആയിരുന്നു എ ജെ വർഗീസിന്റെ സംവിധാനത്തിൽ ഒരുങ്ങിയ അടി കപ്യാരേ കൂട്ടമണി എന്ന സിനിമ പുറത്തിറങ്ങിയത്. അന്ന് സൂപ്പർ ഹിറ്റായ ചിത്രത്തിന് ഇന്നും റിപീറ്റ് ഡിജിറ്റൽ ഓഡിയൻസ് ഉണ്ട്. വീണ്ടും വർഷങ്ങൾക്ക് ശേഷം മറ്റൊരു കോമഡി എന്റെർറ്റൈനറുമായി സംവിധായകൻ എത്തുമ്പോൾ പ്രേക്ഷകർക്കു പ്രതീക്ഷ കൂടുതലാണ്. മഞ്ജു പിള്ള, ബാബു ആന്റണി, ജോൺ വിജയ്, അശോകൻ, ശ്രീകാന്ത് വെട്ടിയാർ, വിനീത് മോഹൻ, രാജ് കിരൺ തോമസ്, സജിത്ത് തോമസ്, സഞ്ജയ് തോമസ്, പ്രിൻസ്, ലിസബേത് ടോമി തുടങ്ങിയവരും അടി നാശം വെള്ളപ്പൊക്കം ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.

എൻജിനിയറിങ് കോളജിന്റെ പശ്ചാത്തലത്തിൽ മുഴുനീള ഫൺ ത്രില്ലർ മൂവിയായി അവതരിപ്പിക്കുന്ന അടിനാശം വെള്ളപ്പൊക്കം സിനിമയുടെ ടൈറ്റിൽ ലോഞ്ച് നടി ശോഭനയായിരുന്നു നിർവഹിച്ചത്. തൃശൂർ വച്ച് നടന്ന പ്രൗഢ ഗംഭീരമായ ചടങ്ങിൽ പൂര നഗരിയെയും വടക്കുംനാഥനെയും സാക്ഷിയാക്കി അടിനാശം വെള്ളപ്പൊക്കം എന്ന ടൈറ്റിൽ ഗജരാജൻ ഉഷ ശ്രീ ശങ്കരൻകുട്ടി തിടമ്പേറ്റിയതും ശ്രദ്ധേയമായ വാർത്തയായിരുന്നു.

പ്രൊജക്റ്റ് ഡിസൈനർ ആർ ജയചന്ദ്രൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസഴ്സ് എസ് ബി മധു, താര അതിയാടത്ത്, ഛായാഗ്രഹണം സൂരജ് എസ് ആനന്ദ്, എഡിറ്റർ കാ.കാ, കലാസംവിധാനം ശ്യാം, വസ്ത്രലങ്കാരം സൂര്യ ശേഖർ, ഗസ്റ്റ് മ്യൂസിക് ഡയറക്ടർ സുരേഷ് പീറ്റേഴ്സ്, സംഗീത സംവിധാനം ഇലക്ട്രോണിക് കിളി, രാമ കൃഷ്ണൻ ഹരീഷ്, സൗണ്ട് മിക്സിങ് ജിജുമോൻ ടി ബ്രൂസ്, കളറിസ്റ്റ് ലിജു പ്രഭാകർ, ബി ജി എം ശ്രീരാഗ് സുരേഷ്, ഗാനരചന ടിറ്റോ പി തങ്കച്ചൻ, മുത്തു, ഇലക്ട്രോണിക് കിളി, സുരേഷ് പീറ്റേഴ്സ്, വിജയാനന്ദ്, ആരോമൽ ആർ വി, മേക്കപ്പ് അമൽ കുമാർ കെ സി, പ്രൊഡക്ഷൻ കൺട്രോളർ സേതു അടൂർ, ക്രീയേറ്റീവ് പ്രൊഡ്യൂസർ ജെമിൻ ജോം അയ്യനേത്, ആക്ഷൻ തവാസി രാജ് മാസ്റ്റർ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ ഷഹദ് സി, വി എഫ് എക്സ് പിക്ടോറിയൽ എഫ് എക്സ്, പി ആർ ഒ അക്ഷയ് പ്രകാശ്, സ്റ്റീൽസ് റിഷാജ് മുഹമ്മദ്, ബോയാക് അജിത് കുമാർ, ജിത്തു ഫ്രാൻസിസ്, പബ്ലിസിറ്റി ഡിസൈൻസ് യെല്ലോടൂത്ത്സ്, ടീസർ കട്ട്സ് ടിജോ തോമസ്, വിതരണം ശ്രീപ്രിയ കോംബിൻസ്.

# കണിമംഗലം കോവിലകം 2026 ജനുവരിയിൽ റിലീസിന് റെഡി



മലയാളത്തിലെ പ്രശസ്ത വെബ് സീരീസ് കണിമംഗലം കോവിലകം ഏറെ പ്രതീക്ഷകൾക്കിടെ സിനിമയായി വലിയ തിരശ്ശീലയിൽ എത്തുകയാണ്. തീപ്പൊരി ബെന്നി എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ സംവിധായകൻ രാജേഷ് മോഹൻ രചനയും സംവിധാനവും നിർവഹിക്കുന്ന ഈ ചിത്രം 2026 ജനുവരി മാസത്തിൽ തിയേറ്ററുകളിലെത്തും.

മലയാളത്തിൽ നിരവധി സൂപ്പർഹിറ്റ് യൂട്യൂബ് വെബ് സീരീസുകൾ ജനപ്രിയമായിട്ടുള്ളപ്പോൾ, അതിൽ സിനിമ ആകുമെന്ന് ആദ്യം പ്രതീക്ഷിച്ചത് കരിക്ക് ടീമിൽ നിന്നുള്ള പ്രഖ്യാപനമായിരുന്നു. എന്നാൽ അതിന് മുമ്പ് തന്നെ മറ്റൊരു വിജയകരമായ വെബ് സീരീസ് വലിയ താരനിരയോടെ സിനിമയാകുകയാണ്. കൊല്ലത്താണ് ചിത്രത്തിലെ പ്രധാന ഭാഗങ്ങളെല്ലാം ഷൂട്ട് പൂർത്തിയാക്കിയത്.

ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത് മലയാളത്തിലെ ശ്രദ്ധേയരായ ഇൻഫ്ലുവൻസേഴ്സാണ്. മുഹമ്മദ് റാഫി, അജ്മൽ ഖാൻ, അഭി കൃഷ്, ടോണി കെ ജോസ്, അനൂപ് മുടിയൻ, വിഖ്നേഷ്, സാന്ദ്ര ചാണ്ടി, അമൃത അമ്മൂസ്, ഹിഫ്രാസ്, സിജോ സാജൻ, റിഷാദ് എൻ കെ, ഗോപു നായർ, അശ്വന്ത് അനിൽകുമാർ, ധനിൽ ശിവറാം എന്നിവർ ഉൾപ്പെടെയുള്ള വലിയ താരനിരയാണ് സിനിമയുടെ മുഖ്യ ആകർഷണം. ഇവർക്ക് പുറമെ ചലച്ചിത്ര താരങ്ങളായ സ്മിനു സിജോ, ശരത് സഭ തുടങ്ങിയവരും അണിനിരക്കുന്നു. കോളേജ് ഹോസ്റ്റൽ പ്രമേയത്തിൽ ഒരുങ്ങുന്ന ഈ ചിത്രം യുവപ്രേക്ഷകർക്കും, കുടുംബങ്ങൾക്കും ഒരുപോലെ ആസ്വാദ്യകരമായിരിക്കും.







ക്ലാപ്പ് ബോർഡ് ഫിലിംസ്, ബ്രിട്ടീഷ് സിനിമാസ് എന്നീ ബാനറുകളുടെ കീഴിൽ ഹാരിസ് മൊയ്ദൂട്ടി, രാജേഷ് മോഹൻ, ജിഷ്ണു ശങ്കർ, ശ്രീധർ ചേനി എന്നിവർ ചേർന്നാണ് സിനിമയുടെ നിർമ്മാണം. ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിക്കുന്നത് അജയ് ഫ്രാൻസിസ് ജോർജാണ്. സംഗീത സംവിധാനം ഡോൺ വിൻസെന്റ്, എഡിറ്റിംഗ് പ്രേംസായ്, പ്രൊഡക്ഷൻ ഡിസൈൻ അരുൺ വെഞ്ഞാറമ്മൂട്, കലാസംവിധാനം അനൂപ് വിജയകുമാർ, വസ്ത്രാലങ്കാരം സുനിൽ ജോർജ്, കൊറിയൊഗ്രഫി ഷെരീഫ് മാസ്റ്റർ എന്നിവരാണ് നിർവ്വഹിക്കുന്നത്. പ്രൊഡക്ഷൻ കൺട്രോളർ ഗിരീഷ് കൊടുങ്ങല്ലൂർ, കളറിസ്റ്റ് ദീപക് ഗംഗാധരൻ, മേക്കപ്പ് സുധി സുരേന്ദ്രൻ, ആക്ഷൻ കൊറിയോഗ്രാഫർ അഭിഷേക് ശ്രീനിവാസ്, സ്റ്റണ്ട്സ് അഷ്റഫ് ഗുരുക്കൾ, ഫൈനൽ മിക്സിങ് ഡാൻ ജോസ് എന്നിവർ നിർവഹിക്കുന്നു.

ഗാനങ്ങൾ എഴുതിയത് മനു മഞ്ജിത്, സുഹൈൽ കോയ, വൈശാഖ് സുഗുണൻ, അനിറ്റ് കുര്യൻ ബെന്നി എന്നിവർ ആണ്. പ്രശസ്ത ഗായകരായ ജാസി ഗിഫ്റ്റ്, ഇലക്ട്രോണിക് കിളി, സിയ ഉൽ ഹഖ് തുടങ്ങിയവർ ഗാനങ്ങൾ ആലപിച്ചിരിക്കുന്നു. പി.ആർ. കൺസൾട്ടന്റ് വിപിൻ കുമാർ വി. ഡിജിറ്റൽ മാർക്കറ്റിംഗ് അഖിൽ വിഷ്ണു വി. എസ്. എന്നിവരാണ് കൈകാര്യം ചെയ്യുന്നത്. സ്റ്റിൽസ് വിഷ്ണു ആർ ഗോവിന്ദ്.

## വിനോദസഞ്ചാര യാത്രാ ട്രെയിൻ ഡിസംബർ 27ന് കൊച്ചിയിൽ;

# പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കാൻ അവസരം

**കൊച്ചി:** ഇന്ത്യൻ റെയിൽവെയുടെ ഭാരത് ഗൗരവ് ട്രെയിനിന് കീഴിലുള്ള സൗത്ത് സ്റ്റാർ റെയിൽ രാജ്യത്തെ സ്വകാര്യ മേഖലയിലെ ആദ്യ സേവന ദാതാവായ ടൂർ ടൈംസുമായി സഹകരിച്ച് പുതുവർഷ സ്പെഷ്യൽ ട്രെയിൻ യാത്ര സംഘടിപ്പിക്കുന്നു.

രാജ്യത്തെ പ്രമുഖ വിനോദസഞ്ചാര, സാംസ്കാരിക കേന്ദ്രങ്ങൾ സന്ദർശിക്കുന്ന ഒമ്പത് ദിവസം നീളുന്ന യാത്ര ഡിസംബർ 27ന് കൊച്ചിയിലെത്തും. യാത്രയുടെ ഭാഗമായി ഗോവ, മുംബൈ, അജന്താഎല്ലോറ, ലോണവാല ഉൾപ്പെടുന്ന രാജ്യത്തെ പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കും. തിരുവനന്തപുരത്തു നിന്ന് യാത്ര തുടങ്ങുന്ന ട്രെയിനിൽ കൊച്ചി കൂടാതെ കൊല്ലം, കായംകുളം, കോട്ടയം, തൃശ്ശൂർ, ഷൊർണൂർ, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ, കാസർഗോഡ്, മംഗലാപുരം ജംഗ്ഷൻ എന്നീ സ്റ്റേഷനുകളിൽ നിന്ന് യാത്രക്കാർക്ക് കയറാം.




യാത്രയിലുടനീളം ഇൻഷുറൻസ്, ഹോട്ടലുകളിലെ താമസസൗകര്യം, കാഴ്ചകൾ കാണാൻ പോകുന്നതിനുള്ള വാഹനങ്ങൾ, ദക്ഷിണേന്ത്യൻ വിഭവങ്ങൾ എന്നിവ ലഭിക്കും. ഇവ കൂടാതെ രാത്രി താമസം, കാഴ്ചകൾ കാണാൻ പോകുമ്പോൾ ലഗേജ് സുരക്ഷിതമായി സൂക്ഷിക്കാനുള്ള സൗകര്യം, എൽടിസി/എൽഎഫ്സി സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്. ഒമ്പത് ദിവസത്തെ യാത്രയിൽ ഇൻഷുറൻസ്, ഹോട്ടലുകൾ, കാഴ്ചകൾ കാണുന്നതിനുള്ള വാഹനങ്ങൾ, ദക്ഷിണേന്ത്യൻ ഭക്ഷണം എന്നിവയോടെയാണ് ഈ പ്രത്യേക ടൂറിസ്റ്റ് ട്രെയിൻ സജ്ജീകരിച്ചിരിക്കുന്നത്. ലഗേജ് ആശങ്കയില്ലാതെ യാത്ര ചെയ്യാനുള്ള സൗകര്യവുമുണ്ട്. രാത്രി താമസം അല്ലെങ്കിൽ കാഴ്ചകൾ കാണാൻ പോകുമ്പോൾ ആവശ്യമുള്ള ലഗേജ് മാത്രം കൊണ്ടുപോയാൽ മതി. യാക്രക്കാർക്ക് മുംബൈയിൽ പുതുവത്സരം ആഘോഷിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സംഘാടകർ അറിയിച്ചു.

സ്ലീപ്പർ ക്ലാസിന് 20,500 രൂപയും തേർഡ് എസിക്ക് 29,950 രൂപയും സെക്കൻഡ് എസിക്ക് 37,650 രൂപയും ഫസ്റ്റ് എസിക്ക് 45,600 രൂപയുമാണ് നിരക്കുകൾ. 2024-2025 വർഷങ്ങളിൽ ടൂർ ടൈംസിന്റെ നേതൃത്വത്തിൽ 27,475 തീർത്ഥാടകർക്കും വിനോദസഞ്ചാരികൾക്കുമായി ഏകദേശം 2,28,630 കിലോമീറ്ററിലധികം നീളുന്ന യാത്രകൾ ഒരുക്കിയിട്ടുണ്ട്. ബുക്കിംഗിനും മറ്റും വിവരങ്ങൾക്കും www.tourtimes.in സന്ദർശിക്കുകയോ 7305858585 എന്ന നമ്പറിൽ വിളിക്കുകയോ ചെയ്യുക.

# സമഗ്ര ടേം ഇൻഷുറൻസ് പരിരക്ഷയിലേക്ക് ഇന്ത്യ മാറുന്നതായി പോളിസിബസാർ

**കൊച്ചി:** ഇൻഷുറൻസ് രംഗത്തെ ഏറ്റവും പുതിയ പ്രവണതകളനുസരിച്ച് സമഗ്ര ടേം ഇൻഷുറസ് പരിരക്ഷയിലേക്ക് ഇന്ത്യ മാറുന്നതായി ഇൻഷുറൻസ് അഗ്രഗേറ്റർ കമ്പനിയായ പോളിസി ബസാർ റിപ്പോർട്ട്. പോളിസിബസാറിന്റെ ഏറ്റവും പുതിയ ഡാറ്റ ആക്സിഡന്റൽ ടോട്ടൽ പെർമനന്റ് ഡിസെബിലിറ്റി, ആക്സിഡന്റൽ ഡെത്ത് ബെനിഫിറ്റുകൾ എന്നീ വിഭാഗങ്ങളിൽ ഉപഭോക്താക്കളുടെ എണ്ണം വർധിച്ചതായും പറയുന്നു. ഏറ്റവുമുയർന്ന റൈഡർ പെനട്രേഷൻ ശരാശരിയായ 45-47 ശതമാനത്തോടെ ദക്ഷിണേന്ത്യ രാജ്യത്ത് മുന്നിൽ നിൽക്കുന്നതായും കണക്കുകൾ വ്യക്തമാക്കുന്നു.

policybazaar.com
HAR FAMILY HOGI INSURED

പുരുഷ ഉപഭോക്താക്കൾ ടേം ഇൻഷുറൻസ് റൈഡറുകൾക്ക് ഉയർന്ന മുൻഗണന നൽകുന്നതായി (25.8 ശതമാനത്തിനെതിരെ 30.3 ശതമാനം) പോളിസിബസാർ ഡാറ്റ വ്യക്തമാക്കുന്നു. അതേസമയം ഇപ്പോൾ സജീവമായി ടേം ഇൻഷുറൻസ് വാങ്ങുന്ന സ്ത്രീകൾ, ദീർഘകാല ആരോഗ്യ സുരക്ഷ വാഗ്ദാനം ചെയ്യുന്ന കാൻസർ സ്ക്രീനിംഗ് സവിശേഷതകളുള്ള ക്രിട്ടിക്കൽ ഇൽനെസ് റൈഡറുകൾ കൂടുതലായി തിരഞ്ഞെടുക്കുന്നതായും ഡാറ്റ പറയുന്നു. ഹൈദരാബാദ് 12-13 ശതമാനവും ബെംഗളൂരു 10-11 ശതമാനവും സിഐ റൈഡർ അറ്റാച്ച്മെന്റ് കാണിക്കുന്നു. കൊച്ചി 9-12 ശതമാനവും മുംബൈ 7-10 ശതമാനവും സിഐ റൈഡറിന്റെ സ്വീകാര്യത കാണിക്കുന്നു.

കൊച്ചിയിലെ അഞ്ച് പുതിയ പോളിസികളിൽ ഒന്ന് സിഐ റൈഡർ ആണെന്നുള്ളത് ഇക്കാര്യം സ്ഥിരീകരിക്കുന്നതായും പോളിസിബസാർ റിപോർട്ട് ചൂിക്കാട്ടുന്നു. അപകട മരണം, ഗുരുതര രോഗങ്ങൾ, വൈകല്യം, മരണകാരണമായേക്കാവുന്ന രോഗങ്ങൾ തുടങ്ങിയ സാഹചര്യങ്ങളിൽ ടേം ഇൻഷുറൻസ് റൈഡറുകൾ മെച്ചപ്പെട്ട പരിരക്ഷ വാഗ്ദാനം ചെയ്യുന്നതായി പോളിസിബസാർ ടേം ഇൻഷുറൻസ് ബിസിനസ് മേധാവി വരുൺ അഗർവാൾ പറഞ്ഞു.

ഇത് അടിസ്ഥാന പോളിസിയുടെ ഡെത്ത് ബെനഫിറ്റിനപ്പുറം അധിക സാമ്പത്തിക പരിരക്ഷ നൽകുന്നു. ഇന്ത്യയിൽ സമഗ്രമായ ടേം പരിരക്ഷയിലേക്കുള്ള ഒരു നിർണായക വിപണി മുന്നേറ്റം നടക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

# ലോബ ഗ്ലോബൽ ലീഡർഷിപ്പ് അവാർഡ് 2025 സമ്മാനിച്ചു

**തിരുവനന്തപുരം:** ലോബ (ലൊയോള ഓൾഡ് ബാച്ചസ് അസോസിയേഷൻ) ഗ്ലോബൽ ലീഡർഷിപ്പ് അവാർഡ് 2025 ബ്രഹ്മോസ് എയ്റോസ്പെയ്സ് സി.ഇ.ഒയും ഡി.ആർ.ഡി.ഒ ഡയറക്ടർ ജനറൽ അതുൽ ദിനകർ റാണെയ്ക്കും യങ് അച്ചീവർ അവാർഡ് വൈ അൾട്ടിമേറ്റ് കോഫൗണ്ടർ ബിനോയ് സ്റ്റീഫനും സമ്മാനിച്ചു. ലോബ അവാർഡ് ഫോർ എക്സലൻസ് (പബ്ലിക്ക് അവാർഡ്) കെ.എസ്.ഐ.ഡി.സി ചെയർമാനും പെനിൻസുല പോളിമേഴ്സ് ലിമിറ്റഡ് ഫൗർ മാനേജിങ്ങ് ഡയറക്ടറുമായ ബാലഗോപാൽ ചന്ദ്രശേഖറിനും നൽകി.



ലൊയോളയിലെ പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ ലൊയോള ഓൾഡ് ബാച്ചസ് അസോസിയേഷൻ ഏർപ്പെടുത്തിയ ലോബ ഇൻസ്റ്റിറ്റ്യൂട്ടഡ് ഗ്ലോബൽ ലീഡർഷിപ്പ് അവാർഡ്സ് (ജി.എൽ.എ) ട്രിവാൻഡ്രം ക്ലബ്ബ്, സുബ്രഹ്മണ്യം ഹാളിൽ നടന്ന ചടങ്ങിലാണ് സമ്മാനിച്ചത്. ചടങ്ങിൽ ലൊയോള സ്കൂൾ ഡയറക്ടറും പ്രിൻസിപ്പലുമായ ഫാ. സാൽവിൻ അഗസ്റ്റിൻ എസ്.ജെ, ലോബ പ്രസിഡന്റ് ജേക്കബ് മാത്തൻ, സെക്രട്ടറി അലക്സ് ഫിലിപ്പ്, ലോബ വൈസ് പ്രസിഡന്റ് റാം മോഹൻ തുടങ്ങിയവർ സംസാരിച്ചു.

ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി മുഖ്യാതിഥിയായി.

# റീൽ എസ്റ്റേറ്റ് പ്രകാശനം ചെയ്തു



**കൊച്ചി:** അസറ്റ് ഹോംസിന്റെ സ്ഥാപകനും എംഡിയുമായ വി. സുനിൽ കുമാറിന്റെ ജനപ്രിയ റീലുകളുടെ പുസ്തകരൂപമായ റീൽ എസ്റ്റേറ്റ് ഷാർജ ഇന്റർനാഷനൽ ബുക്ക് ഫെയറിൽ നടന്ന ചടങ്ങിൽ ഐ.ബി.എസ് സോഫ്റ്റ് വെയർ സർവീസസ് സ്ഥാപകനും ചെയർമാനുമായ വി കെ മാത്യൂസ് സിനിമാതാരവും നർത്തകിയുമായ ആശാ ശരതിനു നൽകി പ്രകാശനം ചെയ്തു. സുനിൽ കുമാറിന്റെ ആറാമത് പുസ്തകമാണ് റീൽ എസ്റ്റേറ്റ്. നവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനു ലക്ഷ്യമിട്ടാണ് കഴിഞ്ഞ വർഷം ഒക്ടോബറിൽ സുനിൽ കുമാർ റീലുകൾ പോസ്റ്റു ചെയ്യാനാരംഭിച്ചത്.

നവസംരംഭകർ മുതൽ സാധാരണക്കാർ വരെയുള്ളവരിൽ നിന്ന് ലഭിക്കുന്ന ആവേശകരമായ പ്രതികരണവും ഷെയറുകളുമാണ് തെരഞ്ഞെടുത്ത 20 റീലുകളുടെ ഉള്ളടക്കം വിപുലീകരിച്ച് റീൽ എസ്റ്റേറ്റ് എന്ന പേരിൽ പുസ്തകമാക്കാൻ പ്രേരണയായതെന്ന് സുനിൽ കുമാർ പറഞ്ഞു. പങ്കാളികളെ തെരഞ്ഞെടുക്കുമ്പോൾ, മാറുന്ന ടെക്നോളജികൾ, സീനിയർ ലിവിംഗ് എന്ന ആധുനിക വാനപ്രസ്ഥം, പരസ്യം നിർണായകം, മലയാള സിനിമയിലെ മദ്യമുതലാളിമാർ തുടങ്ങിയ വിഷയങ്ങളാണ് പുസ്തകത്തിലെ പ്രതിപാദ്യം. പ്രസാധകർ ഡിസി ബുക്സ്.

# വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി :** ഐ.സി.എ.ആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ ഇ.ഐ.എസ് ഡിവിഷനിൽ യങ് പ്രൊഫഷണൽ വിഭാഗത്തിൽ താൽക്കാലിക ഒഴിവിലേക്ക് (കരാർ അടിസ്ഥാനത്തിൽ) വാക്ക് ഇൻ ഇന്റർവ്യൂ നടത്തപ്പെടുന്നു. ഈ തസ്തിക എസ്.സി വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം ചെയ്തിരിക്കുന്നു. കരാറിന്റെ കാലാവധി ഒരു വർഷമാണ്, പരമാവധി മൂന്നു വർഷം വരെ നീട്ടിയേക്കാം. വാക്ക് ഇൻ ഇന്റർവ്യൂ ഡിസംബർ നാലിന് രാവിലെ 10:30 മണിക്ക് നടത്തപ്പെടും. യോഗ്യത, പരിചയം, പ്രായം, വേതനം തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾക്ക് www.cift.res.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.


# റാപ്പ് ഗാനവുമായി യിപ്പീ നൂഡിൽസ്

**കൊച്ചി:** കേരളത്തിന്റെ സ്നാകിംഗ് സംസ്കാരം രസകരമായ റാപ് ഗാനത്തിലൂടെ അവതരിപ്പിച്ച് യിപ്പീ നൂഡിൽസ്. നടനും റാപ് ഗായകനുമായ നീരജ് മാധവ് രചിച്ച് ആലപിച്ച പൊട്ടട്ടെ പടക്കം എന്ന ഗാനം യുട്യൂബ്, സ്പോടിഫൈ, ആപ്പ്ൾ മ്യൂസിക്, ഇൻസ്റ്റഗ്രാം ഓഡിയോ, ഗാന എന്നീ പ്രമുഖ ഓഡിയോ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിലെല്ലാം തരംഗമായിക്കഴിഞ്ഞു. നീരജ് മാധവിന്റെ യുട്യൂബ് ചാനലിൽ മാത്രം രണ്ടാഴ്ചയ്ക്കകം വിഡിയോ 1.38 കോടി വ്യൂസ് പിന്നിട്ടു.

നിത്യജീവിതത്തിലെ സാധാരണ സന്ദർഭത്തിലേയ്ക്ക് ചടുലമായ താളവും നൃത്തവും ഇണക്കിച്ചേർത്തതിലൂടെയാണ് ഗാനം ഹിറ്റായിരിക്കുന്നത്. റാപ് സംഗീതം കേരളത്തിൽ അനുദിനം ജനപ്രിയമായി വരുന്നതിന്റെ പശ്ചാത്തലത്തിലാണ് ആഹ്ലാദവും ഊർജവും ആവേശവും പകരുന്ന യിപ്പീ ഈ അപ്രതീക്ഷിത കൊളാബിലൂടെ കേരളത്തിലെ കുടുംബങ്ങളിലേയ്ക്കെത്തുന്നതെന്ന് ഐടിസി ചീഫ് എക്സിക്യൂട്ടീവ് സ്നാക്സ്, ഫുഡ്സ് ആൻഡ് ബെവറെജസ് ചീഫ് എക്സിക്യൂട്ടീവ് അലി ഹാരിസ് ഷേരെ പറഞ്ഞു.

# ഐസ്ക്രീം ഡോനട്ടുകൾ പുറത്തിറക്കി അരുൺ ഐസ്ക്രീം

**തിരുവനന്തപുരം:** അരുൺ ഐസ്ക്രീംസ് പുതിയ ഐസ്ക്രീം ഡോനട്ടുകൾ പുറത്തിറക്കി. 10 രൂപ വിലയുള്ള അരുൺ ഐസ്ക്രീം ഡോനട്ടുകൾ ബെൽജിയൻ ചോക്ലേറ്റ്, കുക്കി ആൻ ക്രീം എന്നീ രുചികളിൽ ലഭ്യമാണ്.



യഥാർത്ഥ പാലും, ക്രീമും ഉപയോഗിച്ച് നിർമ്മിച്ച കസാറ്റ സ്ലൈസ്, ഐക്കോൺ, ഐബാർ, സ്പൈറൽ, ബൈറ്റ്സ്, ബോൾ ഐസ്ക്രീം, ഐസ്ക്രീം സാൻഡ്വിച്ച്, പുഷ്അപ്പ് കോട്ടൺ കാൻഡി തുടങ്ങിയ പ്രിയപ്പെട്ട ഐസ്ക്രീമുകൾക്ക് പ്രശസ്തമായ അരുൺ ഐസ്ക്രീംസിന്റെ ഏറ്റവും പുതിയ ഉൽപ്പന്നമാണ് ഐസ്ക്രീം ഡോനട്ട്.

# കാഴ്ചപരിമിതരുടെ വനിത ലോകകപ്പ്: ഇന്ത്യക്ക് കിരീടം




**കൊച്ചി:** കാഴ്ചപരിമിതർക്കായുള്ള ആദ്യ വനിതാ ടി20 വേൾഡ് കപ്പിൽ ഇന്ത്യ കിരീടം നേടി. കൊളംബോ പി. സാറ ഓവൽ ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ നേപ്പാളിനെ ഫൈനലിൽ 8 വിക്കറ്റിനു പരാജയപ്പെടുത്തിയാണ് ഇന്ത്യ ചാമ്പ്യൻ പട്ടം നേടിയത്. ടോസ് നേടിയ ഇന്ത്യ ആദ്യം ഫീൽഡിംഗ് തിരഞ്ഞെടുക്കുകയായിരുന്നു.

ആദ്യം ബാറ്റ് ചെയ്ത നേപ്പാൾ നിശ്ചിത 20 ഓവറിൽ 5 വിക്കറ്റിനു 114 റൺസെടുത്തു. 38 പന്തിൽ 34 നേടിയ സരിത, 26 പന്തിൽ 26 റൺസ് നേടിയ ബിമല റായ് എന്നിവരുടെ മികവിലാണ് നേപ്പാൾ 114 റൺസെടുത്തത്. ഇന്ത്യയ്ക്ക് വേണ്ടി ജമുന റാണി തുഡു, അനു കുമാരി തുടങ്ങിയവർ ഓരോ വിക്കറ്റുകൾ നേടി. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ ഇന്ത്യ 12.1 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. ഇന്ത്യയ്ക്ക് വേണ്ടി ഫുല സരൺ 27 പന്തിൽ 44 റൺസും, കരുണ കുമാരി 27 പന്തിൽ 42 റൺസും നേടി ഇന്ത്യയുടെ വിജയം എളുപ്പമാക്കി.

ഫുല സരൺ ആണ് പ്ലെയർ ഓഫ് ദി മാച്ച്. ശ്രീലങ്കൻ പ്രധാനമന്ത്രി ഡോ.ഹരിണി അമരസൂര്യ, ലോകകപ്പ് ഓർഗനൈസിങ്ങ് കമ്മിറ്റി ചെയർ മീനാക്ഷി ലേഖി, ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ചെയർമാൻ ഡോ. മഹന്ദേഷ്, പ്രസിഡന്റ് ബൂസ് ഗൗഡ, വേൾഡ് ബ്ലൈൻഡ് ക്രിക്കറ്റ് കൗൺസിൽ (WBCC) സെക്രട്ടറി ജനറൽ രജനീഷ് ഹെൻറി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# അശോക യൂണിവേഴ്സിറ്റി ; തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്കോളർഷിപ്പ്

**കൊച്ചി:** രാജ്യത്തെ മുൻനിര ഉന്നത വിദ്യാഭ്യാസ കേന്ദ്രമായ അശോക യൂണിവേഴ്സിറ്റി , യംഗ് ഇന്ത്യ ഫെലോഷിപ്പിന്റെ 2026-27 വർഷത്തെ ബാച്ചിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ വിദ്യാർത്ഥികൾക്കും എച്ച്.ഡി.എഫ്.സി ബാങ്കിന്റെ സഹകരണത്തോടെ സ്കോളർഷിപ്പ് നൽകുമെന്ന് അശോക യൂണിവേഴ്സിറ്റി സ്ഥാപകനും ട്രസ്റ്റി ബോർഡ് ചെയർമാനുമായ പ്രമത് രാജ് സിൻഹ പറഞ്ഞു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വിദ്യാർത്ഥികൾക്കായി ഒരു വർഷം നീണ്ടുനിൽക്കുന്ന റെസിഡൻഷ്യൽ ബിരുദാനന്തര ഡിപ്ലോമ പാഠ്യപദ്ധതിയാണ് യംഗ് ഇന്ത്യ ഫെലോഷിപ്പ്. വ്യത്യസ്ത വിഷയങ്ങൾ കോർത്തിണക്കിയുള്ള പഠനരീതിയിലൂടെ മികച്ച നേതൃപാടവം, വിമർശനാത്മക ചിന്ത, പ്രശ്നപരിഹാര ശേഷി തുടങ്ങിയ കഴിവുകളുള്ളവരായി വിദ്യാർത്ഥികളെ വാർത്തെടുക്കുകയാണ് ലക്ഷ്യം.

പുതിയ ബാച്ചിൽ 100 സീറ്റുകളിലേക്കാണ് പ്രവേശനമുള്ളത്. ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്കും, 2026 ജൂലൈ മാസത്തിനുള്ളിൽ ബിരുദം പൂർത്തിയാക്കുന്നവർക്കുമാണ് അപേക്ഷിക്കാനാവുക. പ്രായപരിധിയില്ല. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഹോസ്റ്റൽ ഫീസ്, ഭക്ഷണം എന്നിവയ്ക്കുള്ള സഹായവും ട്യൂഷൻ ഫീസിൽ ഇളവും, സ്റ്റൈപ്പൻഡും ലഭിക്കും. മികച്ച 10 അപേക്ഷകർക്ക് 'ചാൻസലർ സ്കോളർഷിപ്പ്' ലഭിക്കും. ഇതിൽ ട്യൂഷൻ ഫീസും താമസച്ചെലവും ഉൾപ്പടെ പഠനം പൂർണ്ണമായും സൗജന്യമായിരിക്കും. ഒന്നാം ഘട്ട അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 2026 ജനുവരി 19. 2025 ഡിസംബർ 8നകം ലഭിക്കുന്ന അപേക്ഷകൾ, ഇന്റർവ്യൂ ഘട്ടത്തിലേക്ക് വേഗത്തിൽ പരിഗണിക്കുന്നതാണ്. അശോകയുടെ തുടക്കം തന്നെ യംഗ് ഇന്ത്യ ഫെല്ലോഷിപ്പിലൂടെയാണെന്നും, അതുകൊണ്ട് തന്നെ ഈ ഫെല്ലോഷിപ്പിന് സവിശേഷമായ സ്ഥാനമാണുള്ളതെന്നും, അശോക യൂണിവേഴ്സിറ്റി സ്ഥാപകനും ട്രസ്റ്റി ബോർഡ് ചെയർമാനുമായ പ്രമത് രാജ് സിൻഹ പറഞ്ഞു. കൂടുതൽ വിവരങ്ങൾക്കും സൗജന്യമായി അപേക്ഷ സമർപ്പിക്കുന്നതിനും https://yif.ashoka.edu.in/.







RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com